## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*88.** **27.04.2017 ന് മറുപടിയ്ക്ക്**

## തൊഴിൽ നഷ്ടപ്പെട്ട മദ്യ വില്പന തൊഴിലാളികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ<br>,, എസ്.ശർമ്മ<br>,, കെ. ദാസൻ<br>,, കെ. കെ. രാമചന്ദ്രൻ നായർ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | ഭരണഘടനാപരമായി സംസ്ഥാന വിഷയമായ മദ്യവില്പന, സംസ്ഥാന നയത്തിനു വിരുദ്ധമായി ഭാഗികമായി നിരോധിച്ചതുകൊണ്ട് കളള് ചെത്ത്, വില്പന, ബിയർ - വൈൻ പാർലർ, മറ്റു മദ്യശാലകൾ എന്നീ മേഖലകളിൽ തൊഴിൽ നഷ്ടപ്പെട്ട മുപ്പതിനായിരത്തിലധികം വരുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കാനോ നഷ്ടപരിഹാരം നൽകാനോ സാധ്യമാകുമോ; | (എ) | ബഹു. സുപ്രീംകോടതിയുടെ 31.03.2017-ലെ CA.No.12164-12166/16-ാം നമ്പർ കേസ്സുകളിലെ വിധിന്യായപ്രകാരം ദേശീയ/ സംസ്ഥാന പാതകളിൽ നിന്നും കാണുന്ന തരത്തിലോ, നേരിട്ട് പ്രവേശിക്കുന്ന തരത്തിലോ, ദേശീയ/സംസ്ഥാന പാതയോരങ്ങളിൽ നിന്നും 500 മീറ്ററിനുള്ളിലോ ഒരു മദ്യഷാപ്പുകളും 01.04.2017 മുതൽ പ്രവർത്തിക്കുവാൻ പാടില്ലായെന്ന് ഉത്തരവായിട്ടുള്ളതാണ്. കേരള സംസ്ഥാനത്തിൽ 137 എഫ്.എൽ1 (ഫോറിൻ ലിക്വർ റീട്ടയിൽ ഷോപ്പ്) ഷോപ്പുകളും, 8 ബാർ ഹോട്ടലുകളും (എഫ്.എൽ.3), 18 ക്ലബ്ബ് ലൈസൻസുകളും (എഫ്.എൽ.4എ), 9 മിലിട്ടറി ക്യാന്റീൻ ലൈസൻസുകളും (എഫ്.എൽ.8), 532 ബിയർ/വൈൻപാർലറുകളും (എഫ്.എൽ.11), ഒരു ബിയർ ഔട്ട്ലെറ്റ് ലൈസൻസും (എഫ്.എൽ.12), 1092 കള്ള്ഷാപ്പുകളും ടി വിധിയുടെ അടിസ്ഥാനത്തിൽ 01.04.2017 മുതൽ തുറന്ന് പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. തൊഴിൽപരമായ മറ്റു പ്രശ്നങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാടിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളെ പുനരധിവസിപ്പിക്കാനോ നഷ്ടപരിഹാരം നൽകാനോ കേന്ദ്രം എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | മുൻ സർക്കാർ ബാർ നിരോധിച്ചപ്പോൾ, തൊഴിലാളികളെ പുനരധിവസിപ്പിക്കാനെന്ന പേരിൽ മദ്യത്തിനുമേൽ സെസ് ചുമത്തി ആ സർക്കാരിന്റെ കാലയളവിൽ പിരിച്ചെടുത്തതും, എന്നാൽ തൊഴിലാളികളുടെ പുനരധിവാസത്തിനോ നഷ്ടപരിഹാരത്തിനോ ആയി ചെലവഴിക്കാത്തതുമായ 500 കോടിയിലധികം വരുന്ന തുക തൊഴിൽ നഷ്ടപ്പെട്ടവരുടെ താത്ക്കാലികാശ്വാസത്തിനായി വിനിയോഗിക്കാൻ സാധിക്കുമോ; | (സി) ഉം (ഡി) ഉം | 2014-2015 ലെ മദ്യനയമനുസരിച്ച് സംസ്ഥാനത്ത് പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നല്കില്ലെന്ന തീരുമാനമനുസരിച്ച്, പൂട്ടിപ്പോയ ബാറുകളിലെ ജീവനക്കാരെയും, മദ്യത്തിനടിമകളായവരെ പുനരധിവസിപ്പിക്കുന്നതിനും മദ്യമയക്കുമരുന്നിനെതിരെ ബോധവത്ക്കരണത്തിനുമായാണ് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലൂടെ വില്പന നടത്തുന്ന മദ്യത്തിന്മേൽ 5% സെസ്സ് ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിലെ കോടതിവിധിയനുസരിച്ചുള്ള പുതിയ സാഹചര്യത്തിൽ തൊഴിലുമായി ബന്ധപ്പെട്ട കാര്യത്തിൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) | ഇല്ലെങ്കിൽ നഷ്ടപരിഹാരത്തിനായി മറ്റു മാർഗ്ഗങ്ങളിലൂടെ തുക കണ്ടെത്താൻ നടപടി സ്വീകരിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**